**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5549** **24-03-2025 - ൽ മറുപടിയ്ക്ക്**

**'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും മുന്തിയ പരിഗണന നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ നിലവിലെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും, സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദേശങ്ങളും തന്ത്രങ്ങളും അടങ്ങിയ "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30" (KCCS 2018-30) എന്ന നയരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയിലെയും ഇന്ത്യയിലെയും കേരളത്തിലെയും അർബുദരോഗവിദഗ്ദർ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് ഈ നയരേഖ തയ്യാറാക്കിയിട്ടുള്ളത്. കാൻസർ നിയന്ത്രണത്തിന്റെ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. അർബുദ ബാധിതരാകുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തുവാനും, അർബുദമരണങ്ങൾ കുറക്കുവാനും, അർബുദരോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുമാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് രോഗനിർണയം, ചികിത്സ, പ്രതിരോധം, എന്നിവ ശാസ്ത്രീയാടിസ്ഥാനത്തിലുള്ള തന്ത്രങ്ങൾ വഴിയുള്ള പദ്ധതിപ്രകാരമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും അർബുദം നേരത്തെ കണ്ടെത്താനുള്ള സൗകര്യവും താലൂക്ക്, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ തുടർ പരിശോധനകൾക്കും, ജില്ല ആശുപത്രികളിൽ അടിസ്ഥാന അർബുദ ചികിത്സകൾക്കുമുള്ള സൗകര്യവും ഒരുക്കും. മെഡിക്കൽ കോളേജുകളിൽ സമഗ്രചികിത്സയും അപെക്സ് സെന്ററുകളിൽ സമഗ്രവും നൂതനവുമായ ചികിത്സയും ലഭ്യമാക്കും. ഇതിന്റെ ഭാഗമായി എംസിസിയിലും ആർ സി സിയിലും റോബോട്ടിക് സർജറി സംവിധാനവും, ഡിജിറ്റൽ പാത്തോളജി |

| | | | |
|---|---|---|---|
| | | | സംവിധാനവും ഒരുക്കിയിട്ടുണ്ട്. സർക്കാർ സ്വകാര്യ മേഖലകളിൽ, അർബുദ ചികിത്സാ രംഗത്ത് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ അർബുദങ്ങൾക്കു ചികിത്സാ പ്രോട്ടോകോളുകൾ തയ്യാറാക്കിക്കൊണ്ട് ആയതിലൂടെ ചികിത്സ ചെലവ് കുറയ്ക്കുന്നതിനും രോഗ അതിജീവന സാധ്യത വർധിപ്പിക്കുന്നതിനും സഹായകരമാകുന്നു. കൂടാതെ കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് "ആരോഗ്യം ആനന്ദം" "അകറ്റാം അർബുദം". ഇത് അർബുദം നേരത്തെ നിർണയിക്കുകയും ചികിൽസിക്കുകയും ചെയ്യുന്നതിന് മുൻഗണന നൽകുന്നു.<br><br>കാൻസർ എന്ന രോഗം ആഗോളതലത്തിൽ മനുഷ്യരാശിക്ക് ഭീഷണി ഉയർത്തുന്ന ഒരു മാരകരോഗമാണ്. നമ്മുടെ സംസ്ഥാനത്തും കാൻസർ രോഗ സാധ്യത വളരെ കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിവർഷം 65000ത്തോളം പുതിയ കാൻസർ രോഗികൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്ന് ഇത് സംബന്ധിച്ച ലഭ്യമായ രജിസ്ട്രികൾ സൂചിപ്പിക്കുന്നു. ആരോഗ്യപരമായും, മാനസികമായും, സാമ്പത്തികമായും മനുഷ്യരെ ബാധിക്കുന്ന ഈ രോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. പ്രാഥമികതലം മുതൽ കാൻസർ രോഗ പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കിക്കൊണ്ടും സെക്കൻഡറിതല ആശുപത്രികളിൽ കാൻസർ ചികിത്സാ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടും കാൻസറിനെ പ്രതിരോധിക്കുന്നതിനുള്ള തീവ്ര പ്രയത്നം നടന്നു വരുന്നു. കാൻസർ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെ അടിസ്ഥാനത്തിൽ പലതലങ്ങളായി വേർതിരിക്കുകയും ഓരോ തലത്തിലും ആവശ്യമായ സൗകര്യങ്ങൾ ആശുപത്രികളിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ വികേന്ദ്രീകൃത കാൻസർ ചികിത്സ പദ്ധതി സംസ്ഥാനത്തെ 25 ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു. കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ആരോഗ്യവകുപ്പിലെ മറ്റ് സ്ഥാപനങ്ങളുമായി കോർത്തിണക്കുന്ന കാൻസർ കെയർ ഗ്രിഡ് പദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്'പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിലുടനീളമുള്ള ക്യാൻസർ രോഗബാധിതരായ സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്യാൻസർ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുക എന്ന |

| | | | |
|---|---|---|---|
| | | | ഉദ്ദേശ്യത്തോടെ "കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter"-കൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter-കൾ പ്രവർത്തിക്കുന്നു. ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽകൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. |
| (സി) | വിദേശ രാജ്യങ്ങളുടെ മാതൃകയിൽ കാൻസറിനെതിരെ വാക്സിനേഷൻ നൽകി പ്രതിരോധമാർജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഗർഭാശയ ഗള അർബുദ പ്രതിരോധത്തിനായുള്ള HPV വാക്സിനേഷൻ പെൺകുട്ടികൾക്ക് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടക്കത്തിൽ ഒന്നോ രണ്ടോ ജില്ലകളിൽ ഒരു മാതൃക പദ്ധതിയായി ആവിഷ്കരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതായത് ഗർഭാശയഗളാർബുദം അഥവാ സെർവിക്കൽ കാൻസർ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും ശാസ്ത്രീയമായ മാർഗമാണ് HPV വാക്സിനേഷൻ. അത്തരത്തിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വാക്സിൻ നൽകിക്കൊണ്ട് സർവിക്കൽ കാൻസറിനെ പ്രതിരോധിക്കുന്നതിനുള്ള ഒരു യജ്ഞമാണ് ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വാക്സിൻ നിർമ്മാതാക്കളുമായുള്ള ചർച്ചകൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ